# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksapta/p51276/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksapta/p51276/22 തീയ്യതി: 12/12/2022

## പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 16-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-11-2022 | 16-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യൂ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പി. അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോർജ്ജ് തോമസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബി.സുരേഷ് കുമാർ | സെക്രട്ടറി | 01-04-2021 | 09-04-2021 |

| | | | |
|---|---|---|---|
| ശ്രീ കൃഷ്ണകുമാർ സി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-04-2021 | 28-06-2021 |
| ശ്രീമതി റീന ജോൺ | സെക്രട്ടറി | 29-06-2021 | 31-03-2022 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.സംഗീത വി.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 06-11-2021 |
| ഡോ.മിനി എം.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 06-11-2021 | 31-03-2022 |
| ഡോ.നിഷ എൽ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി ഷംന ഐ | ഹെഡ്മിസ്ട്രസ് | 01-04-2021 | 16-12-2021 |
| ശ്രീമതി രശ്മി രവീന്ദ്രൻ | ഹെഡ് മിസ്ട്രസ് | 17-12-2021 | 31-03-2022 |
| ശ്രീമതി ശ്രീലത എം ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I | 01-04-2021 | 31-03-2022 |
| ശ്രീമതി ആതിര എസ് കുമാർ | കൃഷി ഓഫീസർ | 01-04-2021 | 21-10-2021 |
| ശ്രീമതി ആര്യ ലക്ഷ്മി | കൃഷി ഓഫീസർ | 22-10-2021 | 16-03-2022 |
| ശ്രീമതി മേഘ എം.ജി. | കൃഷി ഓഫീസർ (ചാർജ്ജ്) | 16-03-2022 | 31-03-2022 |
| ശ്രീമതി പ്രസന്നകുമാരി പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 06-07-2021 |
| ശ്രീമതി ഗ്ലാഡിസ് വി വി | ഐസിഡിഎസ് സൂപ്പർവൈസർ | 07-07-2021 | 31-03-2022 |
| ശ്രീമതി കാവ്യ കൃഷ്ണൻ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ബിനി വി ആർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. കൃഷ്ണകുമാർ സി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-10-2021 |
| ശ്രീ സതീഷ് ചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2021 | 31-01-2022 |
| ശ്രീ വിശ്വരാജ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 31-01-2022 | 31-03-2022 |
| ശ്രീമതിസിന്ധു വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി സംഗീത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 09-07-2021 |

| | | | |
|---|---|---|---|
| പദ്മരാജൻ | | | |
| ശ്രീ അവിനാശ്.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-07-2021 | 31-03-2022 |
| ഡോ.ജിനു.ജി.തോമസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 12 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-12 |
| 13 | അനധികൃത കെട്ടിടത്തിനെതിരെ നടപടിയില്ല, വസ്തു നികുതിയും പിരിച്ചെടുക്കുന്നില്ല | 1-13 |
| 14 | ഇ ടെണ്ടർ - ടെണ്ടർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല. | 1-14 |
| 15 | വസ്തുനികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു | 1-15 |
| 16 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-16 |
| 17 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നില്ല. മെയിന്റനൻസ് ഫണ്ട് ലാപ്സാകുന്നു | 1-17 |
| 18 | മത്സ്യകൃഷി -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി | 1-18 |
| 19 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-19 |
| 20 | മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു | 1-20 |
| 21 | FHC യിലേക്ക് മരുന്നുവാങ്ങൽ- മരുന്ന് ലഭിച്ചില്ല | 1-21 |
| 22 | ഹോമിയോ മരുന്ന് പൂർണ്ണമായി ലഭിച്ചില്ല | 1-22 |
| 23 | അഗതിരഹിതകേരളം പദ്ധതി - നിർജ്ജീവം | 1-23 |
| 24 | ധനകാര്യ കമ്മിഷൻ അവാർഡ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 1-24 |
| 25 | പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല | 1-25 |
| 26 | വിദ്യാഭ്യാസമേഖല-പഞ്ചായത്തിന്റെ സജീവ ഇടപെടൽ ഇല്ല. | 1-26 |

| | | |
|---|---|---|
| 27 | വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 1-27 |
| 28 | അങ്കണവാടികൾക്ക് വേണ്ടത്ര അടിസ്ഥാന സൌകര്യങ്ങളില്ല | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20.02.2021തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 09.03.2022തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഷെഡ്യൂൾ ബി-3 -Capital Contribution – മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികൾക്ക് തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4- Development Fund- Central Finance Commission Grant- Basic Tax Grant (320200104) ഇനത്തിൽ 1796842 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. യഥാർഥ നീക്കിയിരിപ്പ് 1841562 രൂപയാണ്.

3. ഷെഡ്യൂൾ ബി-4- Contributions For Joint Venture Projects- സംയുക്ത പദ്ധതികൾക്കായി ജില്ലാപ്പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരുപ്പ് (135106) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി- ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ നീക്കിയിരിപ്പുമായി (0) പൊരുത്തപ്പെടുന്നില്ല.

4. ഷെഡ്യൂൾ ബി-18-കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി എന്നിവിടങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

5. ഷെഡ്യൂൾ ആർ.പി.45-ഔട്ട് ഡോർ കളക്ഷൻ കൺട്രോൾ അക്കൌണ്ടിൽ 27580രൂപ ഉണ്ട്. ഇതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9562196 |
| വരവ് | 64927068 |
| ആകെ | 74489264 |
| ചെലവ് | 62458268 |
| നീക്കിയിരിപ്പ് | 12030996 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11417247 | 11417247 | 11047343 | 369904 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10147180 | 10147180 | 7766346 | 2380834 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4382728 | 4382728 | 1620120 | 2762608 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 3032688 | 3032688 | 1807625 | 1225063 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13233000 | 13233000 | 12008724 | 1224276 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 5168456 | 5168456 | 3020979 | 2147477 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 157542 | 0 | 157542 | 0 | 157542 |
| സാക്ഷരത | 12763 | 174 | 12937 | 0 | 12937 |
| ലൈഫ് (സംസ്ഥാന വിഹിതം) | 0 | 1500000 | 1500000 | 1500000 | 0 |
| കില | 0 | 12303 | 12303 | 0 | 12303 |
| ആർദ്രം മിഷൻ | 0 | 300000 | 300000 | 242025 | 57975 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 545468 | 15818221 | 16363689 | 16362557 | 1132 |
| ഐ.സി.ഡി.എസ്. | 1651105 | 965638 | 2616743 | 726105 | 1890638 |
| സമ്പൂർണ്ണ ശുചിത്വം | 2390637 | 0 | 2390637 | 413551 | 1977086 |

ഗ്രാന്റ് വിനിയോഗ പത്രിക യിലെ അപാകതകൾ

ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം | കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 513333 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 919800 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 264000 |

ജി.ഒ.(ആർ.റ്റി.) നം.2617/2022ഫിൻ തീയതി 31.03.2022 പ്രകാരം വികസനഫണ്ട് (SCP) ഇനത്തിൽ അനുവദിച്ച 197180രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 153 | 74824039 | 121 | 44885911 | 32 | 79.08 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 545468 | 15818221 | 16363689 | 16362557 | 1132 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2040 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 5019000 | 54 |
| വിധവാപെൻഷൻ | 10355900 | 419 |
| വാർദ്ധക്യകാലപെൻഷൻ | 29774700 | 772 |
| വികലാംഗപെൻഷൻ | 3347200 | 136 |
| അവിവാഹിതർക്കുള്ള പെൻഷൻ | 317400 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2022ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24874രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു. തനതുവരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. വസ്തുനികുതി പിരിവിൽ നല്ല പുരോഗതി ദൃശ്യമാണ്.

പദ്ധതി നിർവ്വഹണം പൊതുവെ മെച്ചമാണ്. എന്നാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി പ്രോജക്ടുകൾ ആവിഷ്കരിക്കാതിരുന്നതും, ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തേണ്ട പ്രോജക്ടുകൾ ഉപേക്ഷിച്ചതും അതിനായി വകയിരുത്തിയ ഫണ്ട് ലാപ്സാക്കിയതും ഒരു ന്യൂനതയാണ്.

ക്ഷേമപെൻഷനുകൾക്കുവേണ്ടിയുള്ള അപേക്ഷകളിന്മേൽ യഥാസമയം അന്വേഷണ റിപ്പോർട്ട് വാങ്ങി, തീരുമാനം എടുത്തിട്ടുണ്ട്. ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന മുറയ്ക്ക് അവരുടെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.
മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ കൃത്യമല്ല. കേസുകളുടെ വിശദാംശം, തീർപ്പാക്കൽ, ഫീസ് നൽകിയ വിവരങ്ങൾ മുതലായ എല്ലാ കോളങ്ങളും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്ഥാപനത്തിന്റെ ഉപേക്ഷമൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016 ലെ സർക്കുലർ നം.1068103(3)ഡി.എ.2/2016 ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.07.2022 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 | 2013-14 മുതൽ 2017-18 വരെ | 27.07.2018 |

## 1-11 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ദിനചക്ര ഹോസ്പിറ്റൽ, ഊന്നുകൽ |
| 2 | മോഡേൺ ക്ലിനിക്കൽ ലബോറട്ടറി |
| 3 | സൂര്യക്ഷേത്ര ഫാമിംഗ് ഇൻഡസ്ട്രി, ചെന്നീർക്കര |
| 4 | ഹൊസ്റ്റോ വെബ് ഹോസ്റ്റിംഗ് സ്വലൂഷൻസ്, ഊന്നുകൽ |
| 5 | ആയുഷ് ഇലമെന്റ്സ് വെൽനസ്സ്കെയർ സെന്റർ, പന്നിക്കുഴി |

ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/15.11.2022), ദിനചക്ര ഹോസ്പിറ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിലായതിനാലാണ് ലൈസൻസ് അനുവദിക്കാതിരുന്നതെന്നും മറ്റ് സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ പഞ്ചായത്ത് രാജ് നിയമവും ലൈസൻസ് ചട്ടങ്ങളും അനുസരിച്ചുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ

നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-12 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

ശ്രീ ജിജ്ജു കെ. ജോൺ, കുഴിമണ്ണിൽ ജിജോ ഭവൻ , പ്രക്കാനം എന്നയാളുടെ ഉടമസ്ഥതയിൽ ചെന്നീർക്കര വില്ലേജ് , ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നം.204/2-ലുള്ള 4859ച.മീ. ഭൂമിയിൽ നിലവിലുണ്ടായിരുന്ന 241.70ച.മീ. കെട്ടിടത്തിൽ (2/261) 107.67 ച.മീ. കൂട്ടിച്ചേർക്കൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 2-ാം വാർഡിൽ പീടികപ്പടിയിൽ നിന്നും ഓവിൽപീടികയിലേക്കുള്ള റോഡ് അതിരിലാണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി റോഡിന്റെ വീതി 6 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 5 മീറ്ററിൽ കൂടുതലുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5 മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിക്കുകയും അടിസ്ഥാന വസ്തുനികുതിയിൽ 20% അനർഹമായ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/11.11.2022) മറുപടിയായി ടി കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് കുടിശ്ശിക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച്, കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 അനധികൃത കെട്ടിടത്തിനെതിരെ നടപടിയില്ല, വസ്തു നികുതിയും പിരിച്ചെടുക്കുന്നില്ല

ശ്രീമതി അന്നമ്മ ജോർജ്ജ്, കാഞ്ഞിരം നിൽക്കുന്നതിൽ, ഊന്നുകൽ എന്നയാളുടെ ഉടമസ്ഥതയിൽ ചെന്നീർക്കര വില്ലേജ് , ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നം.527/2-ലുള്ള ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടം നിയമാനുസൃതമല്ലാത്ത കെട്ടിടം എന്ന വിഭാഗത്തിൽപ്പെടുത്തി 07.07.2016-ൽ നികുതി നിർണ്ണയിച്ചിട്ടുള്ളതായി സഞ്ചയയിലെ രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. 130ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ തറനിരപ്പ് നില ആശുപത്രി എന്ന ഉപയോഗഗണത്തിൽപ്പെടുത്തിയും 164ച.മീ. വിസ്തീർണ്ണമുള്ള ഒന്നാം നില പാർപ്പിടാവശ്യം എന്ന ഉപയോഗഗണത്തിൽ ഉൾപ്പെടുത്തിയുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. താഴത്തെ നില, ഒന്നാംനില എന്നിവയുടെ നികുതി യഥാക്രമം 2952രൂപ, 4788രൂപ എന്നിങ്ങനെ നിശ്ചയിച്ച് 1/UA/2016, 2/UA/2016 എന്നിങ്ങനെ നമ്പറുകളും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2016-17 മുതൽ നാളിതുവരെ ടി. കെട്ടിടങ്ങളിൽ നിന്നും യാതൊരു തുകയും വസ്തുനികുതിയായി പിരിച്ചെടുത്തിട്ടില്ല. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടികൾ സ്വീകരിച്ചിട്ടുമില്ല. ടി. കെട്ടിടങ്ങളിൽ നിന്നും നാളിതുവരെയുള്ള വസ്തുനികുതി കുടിശ്ശികയിനത്തിൽ 59598രൂപ പിരിച്ചെടുക്കാനുണ്ട്. കെട്ടിടത്തിന്റെ തറനിരപ്പ് നിലയിൽ ഉടമ ആശുപത്രി പ്രവർത്തിപ്പിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നുമുള്ള ലൈസൻസ് ഇല്ലാതെയാണ് ടി. സ്ഥാപനം പ്രവർത്തിക്കുന്നത്.

പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടും അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (15/15.11.2022) നൽകിയിരുന്നു. നിയമാനുസൃതമല്ലാത്ത കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപെടുത്തിയതിനെതിരെ ഉടമ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് (WPC No.8354/2021) ഫയൽ ചെയ്തിട്ടുള്ളതായും കോടതിവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട ഉടമ കേസ് ഫയൽ ചെയ്തിട്ടുള്ളത് 29.03.2021-ലാണ്. 2016-ൽ നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന്റെ വിഭാഗത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതി പിരിച്ചെടുക്കുന്നതിനും അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഇക്കാലയളവിലൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനെയും അനധികൃത നിർമ്മാണത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനെയും തടയുന്ന തരത്തിലുള്ള ഇടക്കാല വിധികളൊന്നും കോടതിയിൽ നിന്നും ഉണ്ടായിട്ടുമില്ല. നിയമപരമായ തടസ്സങ്ങളില്ലെങ്കിൽ കുടിശ്ശിക ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ തുടരുന്നതിനും കേസിന്റെ വേഗത്തിലുള്ള തീർപ്പാക്കലിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ - ടെണ്ടർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൌണ്ടിലേക്ക് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫാറം വില്പന ഇനത്തിലുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്ത് വന്നിരുന്നത്. ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ 31-03-2022 വരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത 134210രൂപ ഗ്രാമ പഞ്ചായത്ത്

അക്കൗണ്ടിലേക്ക് ലഭിക്കാനുണ്ട്. തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു

എ.കെ. നാച്ചുറൽ ഇൻഗ്രഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ചെന്നീർക്കര വില്ലേജ് , ബ്ലോക്ക് നമ്പർ 9-ൽ സർവ്വേ നമ്പർ 46/1 -ലുള്ള 9120ച.മീ. ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള 204ച.മീ. കെട്ടിടത്തിന് 09.02.2022-ൽ 14/568 എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. വ്യവസായസ്ഥാപനത്തിന്റെ പരിശീലനകേന്ദ്രമായി നിർമ്മിച്ചിട്ടുള്ള ടി.കെട്ടിടത്തിന്റെ നികുതി വിദ്യാഭ്യാസാവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ച.മീ.ന് 5രൂപ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(iii)-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രസ്തുത വസ്തുനികുതി നിരക്ക് വിദ്യാലയങ്ങൾക്കാണ് ബാധകമായിട്ടുള്ളത്. വ്യവസായ സ്ഥാപനത്തിലെ ജീവനക്കാരുടെ പരിശീലന കേന്ദ്രത്തിന് വിദ്യാലയങ്ങൾക്ക് ബാധകമായ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/11.11.2022) മറുപടിയായി കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഇനിഷ്യേറ്റീവിന്റെ ഭാഗമായുള്ള സ്കിൽ ഡവലപ്പ്മെന്റ് സെന്ററിനായാണ് കെട്ടിടം വിനിയോഗിക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി. കെട്ടിടം വ്യവസായ സ്ഥാപനത്തിന്റെ അനുബന്ധ കെട്ടിടമായതിനാലും വിദ്യാലയം എന്ന നിർവ്വചനത്തിൽ വരുന്ന ഉപയോഗമല്ലാത്തതിനാലും കുറഞ്ഞനിരക്കിലുള്ള വസ്തുനികുതിയ്ക്ക് അർഹതയില്ലാത്തതാകുന്നു. വാണിജ്യകെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിലെ പ്രക്കാനം ഷോപ്പിംഗ് കോംപ്ലക്സിലെ 2-ാം നമ്പർ കടമുറിയുടെ 2019-20-ലെ വാടക കുടിശ്ശികയിനത്തിൽ 16860രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ടി. കടമുറി വാടകയ്ക്ക് എടുത്തിരുന്ന ശ്രീമതി സുജ സജീവ്, ഒറ്റപ്ലാവുനിൽക്കുന്നതിൽ, മുട്ടത്തുകോണം എന്ന വ്യക്തിയാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നില്ല. മെയിന്റനൻസ് ഫണ്ട് ലാപ്സാകുന്നു

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നല്കി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന് കൈമാറികിട്ടിയിട്ടുള്ള സ്ഥാപനങ്ങളായ ആയുർവേദ ആശുപത്രി, മൃഗാശുപത്രി , സ്കൂളുകൾ എന്നിവയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനില്ക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത് റോഡിതര മെയിന്റനൻസ് ഫണ്ട് ഇനത്തിൽ കഴിഞ്ഞ 6 വർഷത്തിനിടെ 89,52,880 രൂപ ലാപ്സാക്കിയിട്ടുണ്ട്.

| വർഷം | ലാപ്സായ തുക |
|---|---|
| 2016-17 | 2721515 |
| 2017-18 | 1627257 |
| 2018-19 | 468359 |
| 2019-20 | 1393318 |
| 2020-21 | 594954 |
| 2021-22 | 2147477 |
| ആകെ | 8952880 |

ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ആപര്യാപ്തതയുള്ളവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മൃഗാശുപത്രി

മൃഗാശുപത്രി കാലപ്പഴക്കത്താൽ ജീർണ്ണിച്ച അവസ്ഥയിലാണ്. മേൽക്കൂരയിലെ ഓടുകൾ ഇളകി മാറിയതിനാൽ മഴപെയ്യുമ്പോൾ ചോർന്നൊലിക്കുകയാണ് സീലിംഗ് ഇല്ലാത്തതിനാൽ മച്ച് വഴി ക്ഷുദ്രജീവികൾ കെട്ടിടത്തിനുള്ളിൽ പ്രവേശിക്കുന്നുണ്ട്.ജനാലകൾ ഇളകിയനിലയിലാണ്. മഴയത്ത് ചോർന്നൊലിക്കുന്ന കെട്ടിടത്തിൽ മരുന്നുകളും മറ്റ്

അനുബന്ധ സാധനങ്ങളും സംരക്ഷിക്കുന്നത് വളരെ പ്രയാസകരമാണ്. ആയതിനാൽ മൃഗാശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ് .



മൃഗാശുപത്രി കെട്ടിടം ചോർന്നൊലിക്കുന്ന നിലയിൽ

ആയുർവേദ ആശുപത്രി

പ്ലംബിംഗ് തകരാറുമൂലം ആശുപത്രിക്കുള്ളിൽ വെള്ളം ലഭിക്കുന്നില്ല. കഷായവും മറ്റും തയ്യാറാക്കുന്നതിന് പുറത്തുപോയി കിണററിൽ നിന്നും വെള്ളം ശേഖരിക്കേണ്ട സാഹചര്യമാണ് ഉള്ളത് . പ്രസ്തുത കിണർ പായലും പാഴ് ചെടികളും നിറഞ്ഞ് വൃത്തിഹീനമായ അവസ്ഥയിലുമാണ്. കിണർ വൃത്തിയാക്കുന്നതിനും ആശുപത്രിക്കുള്ളിലെ പ്ളബിംഗ് തകരാറുകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥല പരിമിതിമൂലം മരുന്നുകൾ സൂക്ഷിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആശുപത്രിയോട് ചേർന്ന് നില്ക്കുന്ന കമ്പിൾ മരത്തിന്റെ വേരുകൾ വളർന്ന് ആശുപത്രി മുറ്റത്തെ തറയോടുകൾ ഇളകിയ അവസ്ഥയിലാണ്. മരുന്ന് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്. മറ്റ് അസൗകര്യങ്ങൾ പരിഗണിക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തര ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.


മരത്തിന്റെ വേരുകൾ തിങ്ങി ടൈലുകൾ ഇളകിയ നിലയിൽ

സ്കൂളുകൾ

ഗ്രാമപഞ്ചായത്തിനു കൈമാറിക്കിട്ടിയ മൂന്ന് സർക്കാർ സ്കൂളുകളുണ്ട്. ഇവയിലെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു. പ്രക്കാനം എൽപിസ്കൂളിന് നല്ല കെട്ടിടമില്ല. പാചകപ്പുരയിൽ വൈദ്യുതിയില്ല. ചുറ്റുമതിലും ഗേറ്റും ഇല്ലാത്തതിനാൽ തെരുവുനായ ശല്യമുണ്ടെന്നും ഇത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചിട്ടുണ്ട്. ഏറത്തുമ്പമൺ, പ്രക്കാനം സ്കൂളുകളുടെ പരിസരം കാടുകയറിയ നിലയിലാണ്. സ്കൂൾ പരിസരങ്ങളിൽ കാടു വളരുന്നത് ഇഴജന്തുക്കളുടെ ഭീഷണിയുണ്ടാവാൻ കാരണമാവും ആയതിനാൽ സ്കൂളും പരിസരവും കാട് വെട്ടിത്തെളിച്ച് സുരക്ഷിതമാക്കേണ്ടതാണ്. മേൽ സ്കൂളുകളിൽ ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഇല്ല. സ്കൂളുകളിൽ ആവശ്യത്തിനുള്ള ഫർണിച്ചറുകൾ വാങ്ങി നല്കുന്നതിനും പാചകപ്പുരയിൽ ആവശ്യമായ സംവിധാനങ്ങളൊരുക്കുന്നതിനും ആവശ്യകത നിർണ്ണയം നടത്തേണ്ടതും അതനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.



പ്രക്കാനം എൽ.പി.സ്കൂൾ പരിസരം കാടുകയറിയ നിലയിൽ



ഏറത്തുമ്പമൺ ജി.യു.പി.സ്കൂൾ പരിസരം കാടുകയറിയ നിലയിൽ

## 1-18 മത്സ്യകൃഷി -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകി

2021-22 വർഷം ഫിഷറീസ് ഓഫീസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മത്സ്യകൃഷി പദ്ധതിക്കായി 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ ഗ്രാമ

പഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | 6/22, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 46200 | 21050252025501021527/25.01.22<br>21050252025501477314/26.03.22 |
| 2 | 7/22, ബയോഫ്ളോക്ക് മത്സ്യകൃഷി | 73600 | 21050252025501021534/25.01.22<br>21050252025501240853/03.03.22 |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.08.2021-ലെ 5/1-ാം നമ്പർ തീരുമാനം പ്രകാരം വീട്ടുവളപ്പിലെ മത്സ്യകൃഷി എന്ന പ്രോജക്ടിൽ മഞ്ജു രാജൻ, പച്ചയിൽ എന്ന ഗുണഭോക്താവിനേയും 25.03.22 ലെ 2/1-ാം നമ്പർ തീരുമാനപ്രകാരം ജഗദമ്മ, കെ.കെ രാജേഷ് വില്ല, മുട്ടത്തുകോണം എന്ന ഗുണഭോക്താവിനേയും തെരഞ്ഞെടുത്തിട്ടുണ്ട്. 2 ഗുണഭോക്താക്കൾക്കുമായി 46200/- നൽകിയിട്ടുണ്ട്. ബയോഫ്ളോക്ക് മത്സ്യകൃഷിക്ക് 31.08.2021-ലെ 5/1-ാം നമ്പർ തീരുമാനം പ്രകാരം വിബിൻ കെ.വി ഇടപ്പുരയിൽ, ചെന്നീർക്കര എന്ന ഗുണഭോക്താവിന് രണ്ട് യൂണിറ്റിന് 73600/- ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഒരു ഗുണഭോക്താവിന്റെയും പേര് ബന്ധപ്പെട്ട വാർഡുകളിലെ ഗ്രാമസഭ

മിനിട്ട്സ് ബുക്കിലോ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ല. ഈ ഗുണഭോക്താക്കളെ തൊട്ടടുത്ത ഗ്രാമസഭകളിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/22dtd 10.11.22) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിനും ഗ്രാമസഭയുടെ അംഗീകാരം ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചില്ല

2021-22 വർഷം ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ ഡിപ്പോസിറ്റ് പ്രവൃത്തികൾ പ്രകാരം 2441453രൂപ KSEB, KWA എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | പ്രോജക്ട്നമ്പർ/പേര് | നിർവഹണ സ്ഥാപനം | നൽകിയ തുക |
|---|---|---|---|
| 1 | 18/22,സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | KSEB | 14160 |
| 2 | 116/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | KSEB | 1006876 |
| 3 | 119/22,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 1420417 |
| ആകെ | | | 2441453 |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 20393542 രൂപ അടങ്കലിൽ 66 മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുത്തത് . അവയിൽ 34എണ്ണം റോഡ് നിർമാണ-നവീകരണ പ്രോജക്ടുളായിരുന്നു. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് വികസനപദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്ത്വം പാലിക്കാതെ വാർഡടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ശരാശരി ദൈർഘ്യം 3 മുതൽ 6 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 6 മുതൽ 100 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷികപദ്ധതികൾ ആവിഷ്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളു. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിന് ഇത് കാരണമാകും.

പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭൂരിഭാഗവും രണ്ട് ലക്ഷം രൂപയും അതിൽ കുറവും അടങ്കലുള്ളവയായിരുന്നു. കേവലം 2 പ്രോജക്ടുകൾക്ക് മാത്രമായിരുന്നു 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുണ്ടായിരുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 50000ൽതാഴെ അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 1 |
| 50000മുതൽ രണ്ട് ലക്ഷം വരെ അടങ്കലുള്ളവ | 9 |
| രണ്ട് ലക്ഷം മുതൽ മൂന്ന് ലക്ഷം വരെ അടങ്കലുള്ളവ | 7 |
| മൂന്ന് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ അടങ്കലുള്ളവ | 15 |
| അഞ്ച് ലക്ഷവും അതിലധികവും അടങ്കലുള്ളവ | 2 |

അഞ്ച് ലക്ഷത്തിൽ കുറവ് അടങ്കലുള്ള എല്ലാ പ്രവൃത്തികളും മാന്വൽ ടെണ്ടർ ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ ക്ഷണിക്കുന്നത് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനും, അതിലൂടെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗണ്യമായ തുക പഞ്ചായത്തിന് ലഭിക്കുന്നതിനും സാധിക്കുന്നതാണ്. ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾവരെ വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്ന പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 FHC യിലേക്ക് മരുന്നുവാങ്ങൽ- മരുന്ന് ലഭിച്ചില്ല

ഗ്രാമപ്പഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം KMSCL എന്ന സ്ഥാപനത്തിന് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 62/22, FHCയ്ക്ക് മരുന്നു വാങ്ങൽ | 162000 | 210502520144008696 45/31.12.2021 |
| Do | 93347 | 21050252014400782085/14.12.2021 |
| | 234055 | 21050252014400284920/10.08.2021s |
| ആകെ | 489402 | |
| 46/22 പാലിയേറ്റീവ് പരിചരണം | 94150 | 21050252014401294324/10.03.2022 |
| Do | 91968 | 21050252014400873286/01.01.2022 |
| Do | 100000 | 21050252014400869787/31.12.2021 |
| ആകെ | 286118 | |

മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച തുകയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/22dtd 10.11.22) മറുപടി ലഭിച്ചിട്ടില്ല പ്രസ്തുത ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകയുടെ മരുന്ന് ലഭിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ഹോമിയോ മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

2021-22 സാമ്പത്തികവർഷം ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 63/22,ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 300000 | 189062 | 110938 | 21050252014600500600/04.10.21 |

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയിൽ ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് 03.10.22ൽ ഹോംകോക്ക് അറിയിപ്പ് നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് (11/22dtd 10.11.22) മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭിച്ച വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 അഗതിരഹിതകേരളം പദ്ധതി - നിർജ്ജീവം

ചെന്നീർക്കര പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിരാലംബരും അശരണരുമായ അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി ആശ്രയ പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് . 100 അഗതി കുടുംബങ്ങളെയാണ് ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ഇതിൽ 7 കുടുംബ്ങ്ങൾക്ക് വീട് ആവശ്യമുള്ളവരും 40കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം ആവശ്യമുള്ളവരുമാണ് പദ്ധതി ക്കായി ഗ്രാമപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിക്കായി2018-19 മുതൽ അനുവദിച്ചിട്ടുള്ള 1350280 രൂപ ചെലവഴിച്ചിട്ടില്ല. 31.3.22 ൽ ആശ്രയ അക്കൗണ്ടിൽ 1968535രൂപയാണ് ബാലൻസ്. സമൂഹത്തിൽ ഏറെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വകയിരുത്തപ്പെട്ട പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അഭിലഷണിയമല്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-24 ധനകാര്യ കമ്മിഷൻ അവാർഡ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

ജി ഒ ആർ ടി 591/21 തി. 25.2.21 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന വിഹിതം ശുചിത്വം മാലിന്യസംസ്കരണം,കുടിവെള്ള പ്രോജക്റ്റുകൾ ,മഴകൊയ്ത്ത് ,ജലത്തിന്റെ പുന ചക്രമണം എന്നി അടിസ്ഥാന സേവനങ്ങൾക്കു മാത്രമായി വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചയാത്ത് 2021-22 വർഷം ടൈഡ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഉപയോഗിച്ച് സർക്കാർ നിർദ്ദശത്തിനു വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി

| പദ്ധതി നം | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 157/22 | പൊതു ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ ഒടുക്കൽ | 123583 |
| 119/22 | പൈപ്പ് ലൈൻ നീട്ടൽ വിവിധ വാർഡുകളിൽ | 1420417 |
| | ആകെ | 1544000 |

ഇപ്രകാരം സർക്കാർ നിർദ്ദേശങ്ങക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-25 പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. നടപ്പ് വർഷം മുതൽ ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിദ്യാഭ്യാസമേഖല-പഞ്ചായത്തിന്റെ സജീവ ഇടപെടൽ ഇല്ല.

(എ) എസ്.എസ്.കെ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നില്ല

സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കായി എല്ലാ വർഷവും ഗ്രാമപ്പഞ്ചായത്ത് വിഹിതം നൽകുന്നുണ്ടെങ്കിലും പദ്ധതിയുടെ കർമ്മപരിപാടി തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്തിന് പങ്കാളിത്തമില്ല. അതിനാൽ സ്കൂളുകളുടെ അടിസ്ഥാന സൌകര്യങ്ങളും കുട്ടികളുടെ പഠനാവശ്യങ്ങളും പൂർണ്ണമായും നിറവേറ്റപ്പെടുന്നില്ല. എസ്.എസ്.കെയ്ക്കായി 2021-22ൽ ചുവടെ പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടച്ച തുക |
|---|---|
| എസ്.എസ്.എ (ജനറൽ) | 600000 |
| എസ്.എസ്.എ (എസ്.സി.പി.) | 350000 |

2019-20 ൽ 950000രൂപയും 2020-21 ൽ 300000രൂപയും ഇതേ ആവശ്യത്തിനായി എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളിൽ 2021-22വർഷത്തേക്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്.എസ്.കെ. തയ്യാറാക്കിയ എസ്റ്റിമേറ്റ്, വിഹിതം ഒടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള എസ്.എസ്.എയുടെ കത്ത്, തുക വിനിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ, പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് പഞ്ചായത്ത് തല മോണിറ്ററിംഗ് നടന്നിട്ടില്ല.

സമഗ്ര ശിക്ഷാ കേരളം പദ്ധതി സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.6 ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, കൂടാതെ, പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർ തദ്ദേശ സ്ഥാപനത്തെ അറിയിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്.

സമഗ്ര ശിക്ഷാ കേരളം പദ്ധതി, സർക്കാർ നിർദ്ദേശ പ്രകാരം നടപ്പിലാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

(ബി) അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ, കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ,

കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പാക്കുന്നതിനുതകുന്ന പഠന, പഠനേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ എന്നിവ ഇതിലുൾപ്പെടുന്നു. ഇതു സംബന്ധിച്ച മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.6 ൽ ഇപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിലെ എൽ.പി സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി അടുക്കള, സംഭരണമുറി എന്നിവ നിർമ്മിക്കാവുന്നതാണ്.
2. എല്ലാ സ്കൂളുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി സംയോജിപ്പിച്ച് അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.
3. സ്കൂളുകളിൽ ഫർണിച്ചർ ലഭ്യമാക്കുന്നതിന് മുൻഗണന നൽകണം.
4. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ അടിസ്ഥാന സൌകര്യങ്ങൾ കുറവാണെന്നും കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പ്രോജക്ട് ആവശ്യമാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചു. സ്കൂളുകൾ അഭിമുഖീകരിക്കുന്ന പോരായ്മകൾ കണ്ടെത്തുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഭരണ തലത്തിൽ നടപടി സ്വീകരിക്കേണ്ടതും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-27 വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

ഹെഡ്മിസ്ട്രസ് മുഖേന നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച, ചുവടെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

| പ്രോജക്ട്നം/പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|
| 83/2022 -പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 200000 |
| 85/2022 -ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 600000 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൌകര്യം ഒരുക്കുന്നതിനും, അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഉപകരിക്കുമെന്നതിനാലാണ് ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. 07/2021ൽ അംഗീകാരം ലഭിച്ച, മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം അറിയുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിദ്യാർത്ഥികൾക്കുവേണ്ടി ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ഫലപ്രദമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 അങ്കണവാടികൾക്ക് വേണ്ടത്ര അടിസ്ഥാന സൌകര്യങ്ങളില്ല

ഗ്രാമപഞ്ചായത്തിലെ 21 അങ്കണവാടികളിൽ 11 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. എല്ലാ അങ്കണവാടികളിലും വൈദ്യുതിയും കുടിവെള്ളവും ഗ്യാസ് കണക്ഷനും ലഭ്യമാണ്. എന്നാൽ ചുറ്റുമതിൽ ഇല്ലാതെയും ഒറ്റമുറിയിൽ, പ്രത്യേകം അടുക്കള ഇല്ലാതെ പ്രവർത്തിക്കുന്നവയും ഉണ്ട്. 31-ാം നമ്പർ അങ്കണവാടിക്ക് സ്ഥലമുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല.

പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ആയിരം മുതൽ രണ്ടായിരത്തി അഞ്ഞൂറ് രൂപവരെയാണ് പ്രതിമാസ വാടക. എന്നാൽ സാമൂഹ്യനീതി വകുപ്പിൽനിന്ന് 1000രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർതന്നെ വഹിക്കുകയാണെന്ന് ഐസിഡിഎസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം | പ്രതിമാസ വാടക | വകുപ്പിൽനിന്ന് ലഭിക്കുന്നത് | അധികം നൽകുന്നത് |
|---|---|---|---|
| 33 | 1500 | 1000 | 500 |
| 34 | 2000 | 1000 | 1000 |
| 35 | 2000 | 1000 | 1000 |
| 39 | 1500 | 1000 | 500 |
| 41 | 1500 | 1000 | 500 |
| 46 | 2000 | 1000 | 1000 |
| 49 | 2500 | 1000 | 1500 |

| | | | |
|---|---|---|---|
| ആകെ | | | 6000 |

അങ്കണവാടികളുടെ വാടക നൽകുന്നതിനായി ജീവനക്കാർ പ്രതിമാസം ആറായിരം രൂപ സ്വന്തം നിലയിൽ കണ്ടെത്തേണ്ടിവരുന്ന സാഹചര്യം നിലനിൽക്കുന്നു.

"വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികള സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് " എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2 /2011/ത.സ്വ.ഭ.വ തീയതി 22.03.2011 നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റ്നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 49173 | 111/22, കോവിഡ്19 പ്രതിരോധപ്രവർത്തനങ്ങൾ | 49173 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 46/22, സാന്ത്വനപരിചരണം | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 1340000 | 72/22, ലൈഫ് ഭവനപദ്ധതി(എസ് സിപി) | 1340000 | 0 |
| ജില്ലാ പഞ്ചായത്ത് | 503202 | 86/22,അംഗൻവാടി പോഷകാഹാരം (ജനറൽ) | 503202 | 0 |
| ജില്ലാ | 262200 | 89/22,ശാരീരിക മാനസിക വെല്ലുവിളി | 262200 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ളോക്ക് പഞ്ചായത്ത് | 194150 | 46/22, സാന്ത്വനപരിചരണം | 194150 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 400000 | 69/22,ലൈഫ് ഭവനപദ്ധതി (ജനറൽ) | 400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 200000 | 75/22,നെൽക്കൃഷി വികസനം | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 300000 | 103,പാലിന് സബ്സിഡി | 300000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 560000 | 72/22, ലൈഫ് ഭവനപദ്ധതി(എസ് സി പി) | 560000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 92600 | 89/22,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 92600 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 18/22,സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21050252014001457034/26.03.22 | 14160 | 0 | 14160 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 116/22,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22100386/31.03.22 | 1000876 | 0 | 1000876 |
| കേരള വാട്ടർ അതോറിറ്റി | 119/22,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22100382/28.03.22 | 1420417 | 0 | 1420417 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ.ഉ.(എം.എസ്.) നം. 68/18/ത.സ്വ.ഭ.വ. തീയതി 18.05.2018 | 440000 | 132040 | 777333 | | (-)645293 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 10000 | ശ്രീമതി സുനിത ബീഗം ഇ., ഡെയറി ഫാം ഇൻസ്ട്രക്ടർ | 121050100276/11.06.2021 |
| 2018-19 | 1-15 | 22048 | ശ്രീമതി സുനിത ബീഗം ഇ.,ഡയറിഫാം ഇൻസ്ട്രക്ടർ | 1210100101/09.09.2021 |
| ആകെ | | 32048 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തുനികുതി കൃത്യമായി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-1 | 2016-17 | അനുബന്ധം | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം 6 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74489264 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62458268 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/1147/07 തീയതി 30.06.2008/31.10.2008 | 6 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/553/11 തീയതി 18.03.2011 | 4 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6/420/11 തീയതി 13.12.2011/13.05.2013 | 6 | |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.12513/13 തീയതി 30.11.2013 | 2 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.12/514/13 തീയതി 30.11.2013/07.06.2014 | 1 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി5/609 /2016തീയതി 03.06.2016 | 4 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി5/1209/2016 തീയതി 05.11.2016 | 3 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി5/820/2017 തീയതി 22.07.2017 | 1 | |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി5/1534/2018 തീയതി 13.12.2018 | 3 | |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി5/917/19 തീയതി 03.12.2019 | 10 | |
| 2019-2020- | കെ.എസ്.എ.പി.റ്റി.എ.പി5/278/21 തീയതി 12.05.2021 | എല്ലാ ഖണ്ഡികകളും | |
| 2020-2021- | കെ.എസ്.എ.പി.റ്റി.എ.പി5/459/22 തീയതി 11.05.2022 | എല്ലാ ഖണ്ഡികകളും | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്